ഉത്തരം

(എ) & (ബി) ഇല്ല.

(സി) ചോദ്യം എ-യ്ക്ക് നൽകിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(ഡി) സംസ്ഥാനത്തെ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ കാർഷിക വായ്പ യഥാർത്ഥ കൃഷിക്കാർക്കാണ് നൽകുന്നത്.

ബോണസ്

10 [218] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, *പി. ജെ. ജോയി:*
,, *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വരുന്ന ഓണക്കാലത്ത് തൊഴിലാളികൾക്ക് നൽക്കേണ്ട ബോണസ് സംബന്ധിച്ച് തീരുമാനമെടുത്തോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞ ഓണക്കാലത്ത് ബോണസ് നൽകാതിരുന്ന ഏതെങ്കിലും തൊഴിലുടമയുണ്ടോ; എങ്കിൽ അത്തരം എത്ര തൊഴിലുടമകളുണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 2005 വർഷത്തേക്ക് നൽകേണ്ട ബോണസിനെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ 27-6-2005-ലെ സ.ഉ.(സാ) നമ്പർ.1732/05/തൊഴിൽ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അത്തരം പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

ആധുനിക കെട്ടിട നിർമ്മാണ രീതികൾ പഠിപ്പിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട്

11 [221] *ശ്രീ. തോമസ് ചാഴികാടൻ:*
,, *റോഷി അഗസ്റ്റിൻ:*
,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക കെട്ടിട നിർമ്മാണ രീതികൾ പഠിപ്പിക്കുന്നതിന് പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാൻ തൊഴിൽ വകുപ്പിന് പദ്ധതിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എവിടെയാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഒരു വർഷം എത്ര പേർക്കാണ് ഇവിടെ പ്രവേശനം നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത സംരംഭത്തിന് ഏതെങ്കിലും ഏജൻസികളുടെ സഹായം ലഭ്യമായിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ഈ ആവശ്യത്തിനായി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു ബിൽഡിംഗ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ടി സ്ഥാപനം തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരത്ത് പൂട്ടിക്കിടക്കുന്ന ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ വക കെട്ടിടത്തിലാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത കെട്ടിടം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അത് ലഭ്യമാകുന്നതുവരെ നിർദ്ദിഷ്ട ഇൻസ്റ്റിറ്റ്യൂട്ട് വാടക കെട്ടിടത്തിൽ തുടങ്ങുന്നതാണ്.

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. ഘട്ടം ഘട്ടമായി 6 കോഴ്സുകൾ ആരംഭിക്കുന്നതിനും ഓരോ കോഴ്സിലും 30 പേർക്ക് പ്രവേശനം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) ലഭ്യമായിട്ടില്ല. പ്രസ്തുത സംരംഭത്തിന് അന്തർദ്ദേശീയ നിലവാരമുള്ള ഏജൻസികളുടെ സാങ്കേതികോപദേശം സ്വീകരിക്കുന്നതാണ്.

സ്വകാര്യ ആശുപത്രി തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കൽ

12 [222] *ശ്രീ. കടവൂർ ശിവദാസൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ടിലെ എല്ലാ വ്യവസ്ഥകളിൽ നിന്നും സ്വകാര്യ ആശുപത്രികളെ സ്ഥിരമായി ഒഴിവാക്കി നോട്ടിഫിക്കേഷൻ ഇറക്കിയതുവഴി സ്വകാര്യ ആശുപത്രി രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമ പ്രകാരം ലഭിച്ചുകൊണ്ടിരുന്ന തൊഴിലവകാശങ്ങളും ആനുകൂല്യങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നോട്ടിഫിക്കേഷൻ പിൻവലിച്ച് തൊഴിലാളികളുടെ സങ്കടത്തിന് പരിഹാരം ഉണ്ടാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly